# ഡിറ്റക്ടീവ് അർജുൻ 7

**കഥാസാരം:** ഡിറ്റക്ടീവ് അർജുനെ മേധാവി ഒരു പുതിയ ദൗത്യം ഏൽപ്പിക്കുന്നു. പോലീസ് പട്രോളിങ്ങിനിടയിൽ കണ്ട നാവ് മുറിക്കപ്പെട്ട ആദിവാസി ബാലൻെറ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ. മൂകനായ അവനോടൊപ്പം കൂട്ടുകൂടി അവൻെറ ഭൂതകാല രഹസ്യങ്ങൾ പുറത്തെടുക്കാൻ അർജുൻ ശ്രമിക്കുന്നു. അർജുനും ഇൻസ്പെക്ടറും ആദിവാസികളുടെ കൈയിൽപ്പെടുന്നു. നാവ് മുറിക്കപ്പെട്ട ബാലൻ അവരെ രക്ഷിക്കുന്നു. അവരെ ഗുഹയിലേക്ക് കൊണ്ടുപോകുന്നു. അവിടെ കണ്ട ഒരു വലിയ പ്രതിമക്കു മുന്നിൽ വണങ്ങുന്നു.





അവിടെ അപരിചിതനായ ഒരാളെ കണ്ട്
അർജുനും പ്രഭാതും അമ്പരന്നു–
ആ പൊട്ടനു നാവില്ല. നിങ്ങൾക്കറിയേണ്ടത് ഞാൻ പറഞ്ഞുതരാം!
ആരാണു നിങ്ങൾ? ഇവനു നാവില്ലെന്ന് എങ്ങനെ മനസ്സിലായി?
ഹ! ഹാ! എത്ര എളുപ്പമുള്ള ചോദ്യം!
ഉത്തരം അതിലും ലളിതം. അവന്റെ നാവു പിഴുതത് ഞാനാണ്. ഹ!ഹ!
?!
മാർക് ഭയന്ന് അവരുടെ പിന്നിൽ ഒളിച്ചു നിൽക്കുകയായിരുന്നു–
അയാൾ പറഞ്ഞത് ശരിയാണോ?
ഇനി എന്തിനാണത് ചെയ്തതെന്നല്ലേ?



പറയുന്നതിലും നല്ലത് കാണിച്ചു തരുന്നതല്ലേ?
ഒരിക്കൽ ഇവന്റെ നാവു പിഴുത് ഞാനിവനെ നഗരത്തിൽ എത്തിച്ചു...
...എന്റെ രഹസ്യം പുറത്താരോടും പറയാതെ എവിടെയെങ്കിലും അലഞ്ഞുതിരിഞ്ഞ് ജീവിച്ചോട്ടെ എന്നുകരുതി.
പക്ഷേ, ആ ദയവ് എത്രയോ വലിയ അബദ്ധമായി. അതുകൊണ്ടല്ലേ, ഇവൻ നിങ്ങളെക്കൂട്ടി മടങ്ങി വന്നത്?
ഇനിയേതായാലും നിങ്ങളെ ജീവനോടെ പറഞ്ഞയക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ഈ രഹസ്യം ഞാൻ തുറന്നുകാണിക്കുന്നത്...
അയാൾ വിഗ്രഹത്തിനടുത്തേക്കു നീങ്ങി.


അയാളത് ഇളക്കി യെടുക്കുകയാണ്!
ഇനി ഈ മൂടി കൂടി മാറ്റണം!
ഹോ! എന്തായിത്! കണ്ണഞ്ചി പ്പോകുന്നു!
സംശയിക്കേണ്ട. തനി സ്വർണ്ണം തന്നെ!
(തുടരും)